**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 772** **06-12-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി മണ്ഡലത്തിലെ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി മണ്ഡലത്തിലെ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾക്കായി എം.എൽ.എ. സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകി നാളുകളേറെയായിട്ടും നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തി നടപ്പാക്കാൻ തയ്യാറാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊച്ചി മണ്ഡലത്തിലെ വിവിധ വൈദ്യുതീകരണ പ്രവൃത്തികൾക്കായി സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും, ഭരണാനുമതി ലഭിച്ചിട്ടുള്ള കുമ്പളങ്ങി, കണ്ണമാലി സെക്ഷനുകളുടെ കീഴിലുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് തുക ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. തുക ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് മുൻകൂറായി പണം കെട്ടിവയ്ക്കണമെന്ന നിർദേശം കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡോ, സർക്കാരോ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ 82, 83 റെഗുലേഷൻ പ്രകാരം, അപേക്ഷകൻ നടപ്പിലാക്കാൻ ആവശ്യപ്പെടുന്ന ലൈൻ മാറ്റി സ്ഥാപിക്കൽ, ലൈൻ കൺവെർഷൻ, പുതിയ സർവീസ് കണക്ഷൻ നൽകുന്നത്/ലൈൻ നിർമ്മിക്കുന്നത്/ ഉൾപ്പെടെയുള്ള ഏതു പ്രവൃത്തിയ്ക്കും ലൈസൻസി (കെ.എസ്.ഇ.ബി.എൽ) തയ്യാറാക്കുന്ന ഡിമാൻഡ് നോട്ടീസിനുസരിച്ച് മുൻകൂറായി പണം ലൈസൻസിയ്ക്ക് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിനാൽ തന്നെ 29.12.2017-ലെ സർക്കാർ ഉത്തരവ് GO(P)No.161/2017/Fin – ൽ എം.എൽ.എ. സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു കെ.എസ്.ഇ. ബി.എൽ.-നു മുൻകൂറായി പണം ലഭ്യമാക്കാവുന്ന- താണെന്നും പറയുന്നു. |

സെക്ഷൻ ഓഫീസർ